LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജലഗതാഗത വകുപ്പിൽ ലാസ്കർ തസ്തികയിൽ 11 ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകൾ പി.എസ്.സി. യുടെ നിർദ്ദേശപ്രകാരം എൻ.സി.എ. റിസർവേഷൻ നിയമനങ്ങൾക്കായി മാറ്റിവച്ചിരിക്കുകയാണ്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ പുതിയ റാങ്ക് ലിസ്റ്റിൽ നിന്നും അഡ്വൈസ് ചെയ്ത 178 പേർക്കും വകുപ്പിൽ നിന്നും നിയമന ഉത്തരവ് നൽകി. ഇവരിൽ 167 പേർ ജോലിയിൽ പ്രവേശിച്ചു.

(ബി) നിയമന ഉത്തരവ് അയച്ചിട്ടും 11 പേർ ജോലിയിൽ ഹാജരാകാത്തതായി ഉണ്ട്. മേൽപ്പടി 11 ഒഴിവുകളും പി.എസ്.സി.യെ. യഥാസമയം അറിയിച്ചിട്ടുണ്ട്.

(സി) ഇപ്രകാരം അറിയിപ്പ് നൽകിയതിന്റെ കത്ത് നമ്പർ ൻ1-132/06 തീയതി 17-6-2010 ആണ്. ഇപ്രകാരം ഉണ്ടായ എൻ.ജെ.ഡി. ഒഴിവുകളിലേക്ക് പി.എസ്.സി. നിയമനം നടത്തിയിട്ടില്ല. പി.എസ്.സി.യുടെ 12-7-2010-ലെ RIC(2)38090/09/GW നമ്പർ കത്തിലെ നിർദ്ദേശപ്രകാരമാണ് ടി ഒഴിവുകളിൽ നിയമനം നൽകിയിട്ടുള്ളത്.

(ഡി) ബോട്ട് ലാസ്കർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതിനു ശേഷം മറ്റ് ജോലികൾ ലഭിച്ച് വിടുതൽ ചെയ്ത് പോയിട്ടുള്ള 9 ഒഴിവുകളിൽ 6 ഒഴിവുകളിലേക്ക് പി.എസ്.സി.യുടെ നിർദ്ദേശ പ്രകാരം 178 പേരുടെ അഡ്വൈസ് ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയും ബാക്കിയുള്ള 3 ഒഴിവുകൾ ഉൾപ്പെടെ 11 ഒഴിവുകൾ പി.എസ്.സി. യുടെ നിർദ്ദേശപ്രകാരം എൻ.സി.എ. ഒഴിവുകളായി നീക്കിവെച്ചിട്ടുള്ളതുമാണ്.

(ഇ) പി.എസ്.സി. ആവശ്യപ്പെട്ട ക്ലാരിഫിക്കേഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(എഫ്) ലാസ്കർ തസ്തികയിൽ 2010-11 വർഷം സപ്ലൈ ന്യൂമറിയായി യഥാസമയം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള 11 ഒഴിവുകൾ എൻ.സി.എ. വിഭാഗത്തിനായി സംവരണം ചെയ്ത് നീക്കി വെച്ചിരിക്കുകയാണ്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്യുന്നതാണ്.

ജലഗതാഗത വകുപ്പിന്റെ കീഴിൽ പുതിയ ബോട്ട് സർവ്വീസ്

120 (2220) ശ്രീ. പി. തിലോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിന്റെ കീഴിൽ കൊല്ലം-ആലപ്പുഴ റൂട്ടിൽ പുതിയ ബോട്ട് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ ; ഈ സർവ്വീസ് ആരംഭിച്ചിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കുമോ ; ഈ സർവ്വീസിന്റെ ഭാഗമായി ആവശ്യമായ ബോട്ട് ജീവനക്കാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ജലഗതാഗത വകുപ്പിന് കീഴിൽ സീ. കുട്ടനാട്, കോട്ടയം-ആലപ്പുഴ എക്സ്പ്രസ്, എറണാകുളം-കടമക്കുടി, ചമ്പക്കര-ഇൻഫോപാർക്ക് തുടങ്ങിയ പുതിയ സർവ്വീസുകൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം-ആലപ്പുഴ റൂട്ടിൽ പുതിയ ബോട്ട് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. 2010 ഫെബ്രുവരി മാസം 8-ാം തീയതിയാണ് സർവ്വീസ് ഉദ്ഘാടനം ചെയ്തത്. ഈ സർവ്വീസിന് ആവശ്യമായ സ്രാങ്ക് ഒഴിച്ചുള്ള ജീവനക്കാരെ പി.എസ്.സി. വഴി നിയമിച്ചിട്ടുണ്ട്.

(ബി) ജലഗതാഗത വകുപ്പിന് കീഴിൽ സീ. കുട്ടനാട് എന്ന പേരിൽ പാസഞ്ചർ കം- ടൂറിസ്റ്റ് സർവ്വീസ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അപ്പർ ഡെക്ക് സംവിധാനമുള്ള ബോട്ട് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതാണ്. മറ്റ് സർവ്വീസുകൾ ആരംഭിക്കുന്നതിന് ആവശ്യമായ ജീവനക്കാരും ബോട്ടും ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

ആലപ്പുഴ കനാലിൽ മുങ്ങിക്കിടക്കുന്ന കാലപ്പഴക്കം ചെന്ന ബോട്ടുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ

121 (2221) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ കനാലിൽ മുങ്ങിക്കിടക്കുന്ന കാലപ്പഴക്കം ചെന്ന ബോട്ടുകൾ നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് എസ്.ഡബ്ല്യു.റ്റി.ഡി.ക്കു നൽകിയ നോട്ടീസിനുമേൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാലപ്പഴക്കം ചെന്ന 24 ബോട്ടുകളിൽ 20 എണ്ണം ടെന്റർ/ലേലം വഴി വിൽപന നടത്തി കനാലിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 4 എണ്ണത്തിന് പലതവണ ടെന്റർ/ലേലം നടത്തിയെങ്കിലും അസ്സസ്സ്ഡ് വാല്യൂവിലും കുറഞ്ഞ് വില വന്നതിനാൽ വില്ക്കുവാൻ സാധിച്ചില്ല. ഈ ബോട്ടുകൾ വിൽപ്പന നടത്തുന്ന കാര്യം പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ്, സംസ്ഥാന ജല ഗതാഗത വകുപ്പ്. കെ.എസ്.ഐ.എൻ.സി. എന്നിവയിൽ നിന്നും ഓരോ പ്രതിനിധിയെ ഉൾപ്പെടുത്തി, ഒരു കമ്മിറ്റി രൂപീകരിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന് 9-12-2010-ലെ സ.ഉ.(സാധാ)നമ്പർ 554/2010/ഗതാ. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly